ശ്രീ. വി. കെ. വർഗ്ഗീസ്: ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ അക്ടിനുശേഷം എന്തെങ്കിലും ഭേദഗതികൾ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഭേദഗതി ചെയ്യുണ്ടകായ്യം ആലോചനാ വിഷയമായിരിക്കുകയാണ്. ഭേദഗതി സംബന്ധിച്ച നക്കൽ രൂപകം ഉണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾ നടത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു് ഏതു് റൂൾസ് അനുസരിച്ചാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ നിലവിലിരിക്കുന്ന രൂപകം അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നതു്.

ശ്രീ. ആർ. ശങ്കർ: പബ്ലിക്ക് സർവ്വീസു കമ്മീഷൻ രൂപകം ഭേദഗതി ചെയ്യുമ്പോൾ സാമുദായിക പ്രാതിനിധ്യ തത്വത്തെപ്പറ്റി പരിഗണിക്കുന്നതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ ഈ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനാലോചിക്കുന്നതായി പറഞ്ഞു. അതിനു പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. പുതിയ പബ്ലിക്ക് സർവ്വീസു കമ്മീഷനെ നിയമിച്ചതിനുശേഷം ഏതെല്ലാം തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് നിയമനങ്ങൾ നടത്തേണ്ടതെന്നുള്ളതിനെ സംബന്ധിച്ചും നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോയെന്നുള്ളതിനെപ്പറ്റിയും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. ശങ്കർ: അപ്പോൾ സാമുദായിക പ്രാതിനിധ്യ വ്യവസ്ഥകളും പരിഗണിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചനാവിഷയമാക്കാവുന്നതാണ്.

ശ്രീ. ആർ. ശങ്കർ: ആലോചനാവിഷയമാക്കണമെന്നഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഇപ്പോൾ നിലവിലുള്ള പബ്ലിക്ക് സർവ്വീസ് ചട്ടങ്ങൾക്ക് വിപരീതമായി ഗവൺമെണ്ടു വല്ല നിയമനങ്ങളും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടു് ഒന്നും ചെയ്തിട്ടില്ല.

സ്റ്റീമാനേജരന്മാരുടെ നിവേദനം

*വ. ഫ. (൩) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഡിഫ്യൂസാവശ്യത്തിനുപയോഗിക്കുന്ന സ്ഥലങ്ങൾക്ക് മുനിസിപ്പൽ ആക്ടനുസരിച്ച് നികുതി ഈടാക്കുന്നതിനെ പ്രതിഷേധിച്ച് തിരുവനന്തപുരം പട്ടണത്തിലെ സ്റ്റീം മാനേജരന്മാരുടെ എന്തെങ്കിലും നിവേദനം ഗവൺമെണ്ടിലേക്ക് കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

ഉണ്ട്.

ശ്രീ. വി. കെ. വല്ലീസ്സ്: അതു സംബന്ധിച്ചു് ഗവണ്മെണ്ടു് എന്തു നടപടി നടത്തിയെന്നു പറയാമോ.—

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു സംബന്ധിച്ചു് തിരുവനന്തപുരം കാർപ്പറേഷനമായി എഴുത്തുകുത്തുകൾ നടത്തി വരികയാണു്.

ശ്രീ. വി. കെ. വല്ലീസ്: എന്നുമുതല്ലുള്ള നികുതിയാണാവശ്യപ്പെട്ടിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: മൂന്നു കൊല്ലത്തിനു മേലുള്ളതാണു്.

Sri. P. Balakrishnan Tampi: Will the Government be pleased to instruct the Corporation not to grant concession to any school which collects fees?

Sri. N. Kunjuraman: Government will consider the matter.

ശ്രീ. ഇട്ടിര അമ്മുക്കൻ: ശ്രീമാൻ ഇപ്പോൾ അവർകൾ ഇതു സംബന്ധിച്ചു് ഒരു ബിൽ ഇൻട്രൊഡ്യൂസ് ചെയ്യാൻ പോകുന്നതായി ഗവണ്മെണ്ടിനറിവുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിവുണ്ടു്.

ശ്രീ. ഇട്ടിര അമ്മുക്കൻ: അതുവരെ ഇതു സംബന്ധിച്ചുള്ള നടപടി നിർത്തിവെക്കാൻ സാധിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

റയിൽവേസ്റ്റേഷനുകളിലെ ചെക്കിംഗ് എടുപ്പാട്

*വ്യ ൧൨. (൬) സാഹിബു് ബഹദൂർ കെ. സി എം. മേത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സ്റ്റേറിൽനിന്നും റയിൽവെ വഴി സ്റ്റേറിനു പുറത്തേക്കു് കടന്നു പോകാവുന്ന എത്ര സ്ഥലമുണ്ടെന്നും അവ ഏതൊക്കെയെന്നും ദയവായി പറയാമോ;

(ബി) ടി സ്ഥലങ്ങൾ തലസ്ഥാനനഗരം വിട്ടു് എത്ര മൈൽ ദൂരെയാണെന്നു പറയാമോ;

(സി) സ്റ്റേറിൽനിന്നും പുറത്തേയ്ക്കും പുറത്തുനിന്നു സ്റ്റേറിലേയ്ക്കും കടത്തുവാൻ പാടില്ലാത്ത സാമാനങ്ങൾ ചെക്കു് ചെയ്യുന്നതിനു് ഇക്കൂ എത്ര റയിൽവേ സ്റ്റേഷനുകളിൽ ചെക്കിംഗ് ഏർപ്പാടുകൾ ഇപ്പോൾ നടപ്പിലുണ്ടെന്നു പറയാമോ?

വ്യവസായവും, പ്രാദേശിക സ്വയംഭരണവും, എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) രണ്ടു്. തിരുവതിപുരം, വെട്ടിക്കാട്ടിരി.

(ബി) തിരുവതിപുരം ൧൫ മൈൽ ദൂരെ, വെട്ടിക്കാട്ടിരി ൯൯ ൭ മൈൽ ദൂരെ.

(സി) ൪൦ സ്റ്റേഷനുകളിൽ.

സാഹിബു് ബഹദൂർ കെ. സി. എം. മേത്തർ: ഈ ലിസ്റ്റിയിലുള്ള രണ്ടു സ്റ്റേഷനുകളിലും ചെക്കിംഗ് ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly